ശ്രീ. വക്കം പുരുഷോത്തമൻ: സർ, എ.ഡി.ബി.യുമായുള്ള ചർച്ചകൾ തുടരുകയാണ്. അത് വളരെ ഫ്രൂട്ട്ഫുൾ ആയിട്ടുതന്നെ പുരോഗമിക്കുകയാണ്. അത് എന്നത്തേക്ക് ഫലപ്രാപ്തിയിൽ എത്തുമെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. അത് ഈ ഗവൺമെന്റ് ഫലപ്രാപ്തിയിൽ കൊണ്ടുവരുന്നു. അതിനെ ഇപ്പോൾ അവർ എതിർക്കുന്നു. അതിൽ കൂടുതൽ ഒരു രാഷ്ട്രീയവും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. വി.കെ. ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി ഏതാണ്ട് പരിഹരിക്കപ്പെട്ടു എന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ഓൺഗോയിംഗ് വർക്കുകൾ ഉൾപ്പെടെ എന്റെ നിയോജകമണ്ഡലത്തിലെ തൃത്താല, വെള്ളിയാങ്കല്ല് Regulator-cum-bridge ഉണ്ട്. ഒരു പൈസ പോലും ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല. അതുപോലെ നമ്മുടെ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന ഫണ്ടിൽകാര്യമായ രൂപത്തിൽ വെട്ടിക്കുറവ് നടത്തി യാതൊരു തരത്തിലുള്ള വികസന പ്രവർത്തനവും സംസ്ഥാനത്ത് നടക്കുന്നില്ല. മന്ത്രിയാണെങ്കിൽ ഇതെല്ലാം പരിഹരിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഇത്തരത്തിലുള്ള ഓൺ ഗോയിംഗ് വർക്കുകൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു പിടിച്ചെടുത്ത തുക തിരിച്ചു നൽകാനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, പഞ്ചായത്തുകൾക്ക് കൊടുത്ത തുകയെക്കുറിച്ചും മറ്റും ഞാൻ ബഡ്ജറ്റിന്റെ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ പറയാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യമാണെങ്കിൽ അദ്ദേഹം എന്റെ കയ്യിൽ ഒരു പെറ്റിഷൻ തന്നിട്ടുണ്ട്. അത് പരിശോധിക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

2(*179) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീ. എ. കെ. മണി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരെ 58-ാമത്തെ വയസ്സിലോ 60-ാമത്തെ വയസ്സിലോ റിട്ടയർ ചെയ്യാൻ അനുവദിക്കുന്നപക്ഷം സംസ്ഥാന സർക്കാരിന് ചെലവ് കുറയ്ക്കാൻ കഴിയുമോ;

(ബി) എങ്കിൽ എത്രകണ്ട് കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) സർക്കാരിന് ചെലവ് കുറയ്ക്കാൻ കഴിയും. എത്രകണ്ട് കുറയ്ക്കുവാൻ കഴിയും എന്നതിന്റെ കണക്ക് തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല എന്നാൽ ഏകദേശ തുക കണക്കാക്കുവാൻ സാധിക്കും

(ബി) പെൻഷൻ പ്രായം 55-ൽ നിന്ന് 58 ആയി ഉയർത്തിയാൽ ആദ്യത്തെ മൂന്നുവർഷം കമ്മ്യൂട്ടേഷൻ, ഡി.സി. ആർ.ജി ഇനത്തിൽ പ്രതിവർഷം 680 കോടി രൂപ വീതം ചെലവുകുറയ്ക്കാം. ഇതുകൂടാതെ പെൻഷൻകാരുടെ എണ്ണം കുറയുന്നതിലൂടെ പ്രതിവർഷം 373 കോടി രൂപയുടെ കുറവും ഉണ്ടാകും. പെൻഷൻ പ്രായം 55-ൽ നിന്ന് 60 ആയി ഉയർത്തിയാൽ അടുത്ത അഞ്ചുവർഷത്തേക്ക് കമ്മ്യൂട്ടേഷൻ, ഡി.സി. ആർ.ജി. ഇനത്തിൽ പ്രതിവർഷം 680 കോടി രൂപവീതം ചെലവ് കുറവുണ്ടാകും. കൂടാതെ പെൻഷൻകാരുടെ എണ്ണം കുറയുന്നതിലൂടെ പ്രതിവർഷം 625 കോടി രൂപയുടെ കുറവും ഉണ്ടാകും ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, അങ്ങിവിടെ പറഞ്ഞ മറുപടിയിൽ, അനുബന്ധം നാലാം പാരഗ്രാഫിൽ പറയുന്നത് 'റിട്ടയർ ചെയ്യുന്നത് 58 വയസ്സിലോ 60 വയസ്സിലോ ആണെങ്കിൽ കമ്മ്യൂട്ടേഷൻ വാല്യൂ കുറയും ഇതുമൂലം കമ്മ്യൂട്ടേഷൻ തുകയിൽ കുറവുണ്ടാകും. എങ്കിലും ഈ കാലയളവിൽ ഉദ്യോഗസ്ഥനുണ്ടാകുന്ന ശമ്പളവർദ്ധനയും വർദ്ധിച്ച സർവീസ് കാലയളവും കണക്കിലെടുക്കുമ്പോൾ പെൻഷൻ തുക കൂടുകയും ചെയ്യും ആയതിനാൽ ഈ ഇനത്തിൽ മൊത്തത്തിൽ വളരെ വർദ്ധനവോ വളരെ കുറവോ പ്രതീക്ഷിക്കേണ്ടതില്ലാ' എന്നാണ് ഈ സാഹചര്യത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പരിപാടി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇപ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന്റെ ഒരു പ്രശ്നവും ഗവൺമെന്റിന്റെ മുൻപിലില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :സർ, ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിലൂടെ 2005 ഏപ്രിൽ മുതൽ Contributory Pension നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അത് പിൻവലിക്കാൻ തയ്യാറാകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : അത് പിൻവലിക്കുന്ന പ്രശ്നം ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിൽ ഇല്ല. ഒരു കാര്യം മനസ്സിലാക്കണം രാഷ്ട്രീയപാർട്ടികളുമായും ചർച്ചകളിലും ഉദ്യോഗസ്ഥൻമാരുമായിട്ടുള്ള ചർച്ചകളിലൊക്കെ അന്തിമമായി എന്തു തീരുമാനം എടുക്കുമെന്ന് എനിക്കിപ്പോൾ പ്രവചിക്കാൻ സാധിക്കില്ല. ഒരു ഗവൺമെന്റ് നാളെയെക്കുറിച്ച് ചിന്തിക്കണം. നാളെ ഈ രാജ്യം അപകടത്തിൽ ആകാൻ പാടില്ല. ഞാനീ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് പെൻഷൻ ഇനത്തിലും ശമ്പള ഇനത്തിലും, ഇന്റെറസ്റ്റ് ഇനത്തിലും റവന്യൂ വരുമാനത്തിന്റെ 9%-ൽ കൂടുതൽ ചെലവാക്കുന്നു എന്ന്. അപ്പോൾ 9% -ൽ കുറവാണ് നമുക്ക് വികസന പ്രവർത്തനങ്ങൾക്ക് കിട്ടുന്നത്. ഉദ്യോഗസ്ഥൻമാരുടെ ശമ്പളം കൊടുക്കാതിരിക്കാനാകില്ല. ആനുകാലികമായ മറ്റു നടപടികൾ സ്വീകരിക്കാതിരിക്കാനും പറ്റില്ല. ഏതു മണ്ഡലത്തിൽ കുറയ്ക്കാൻ കഴിയും? പെൻഷൻ കുറയ്ക്കാൻ കഴിയുമോ? Debt Swap Scheme വഴി വലിയ ഒരു തുക ലാഭം കിട്ടത്തക്കവണ്ണം നമ്മൾ അത് മാറ്റിക്കൊണ്ടിരിക്കുന്നു. വളരെ കാര്യമായി ആലോചിക്കേണ്ടതാണ്. ഈ രീതിയിൽ 17% -ത്തിൽ കൂടുതൽ ഓരോ വർഷവും പെൻഷൻ ഇനത്തിൽ ചെലവായിക്കൊണ്ടിരിക്കുന്നു. ശമ്പളത്തിന്റെ വർദ്ധനവ് ഏതാണ്ട് 11% മാത്രമേ ഉള്ളൂ. പെൻഷൻ 17% ഓരോ വർഷവും സർക്കാർ ചെലവാക്കിക്കൊണ്ടിരിക്കുന്നു. അതിവിദൂര ഭാവിയിൽ ശമ്പളത്തേക്കാൾ കൂടുതൽ പെൻഷൻ കൊടുക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകും അങ്ങനെ വന്നാൽ ഇവിടെ വികസനത്തിനുവേണ്ടി ഒരു പൈസയും ചെലവാക്കുവാൻ കഴിയില്ല. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് അടക്കം പല സംസ്ഥാനങ്ങളും Contributory Pension Scheme നടപ്പിലാക്കി കഴിഞ്ഞു. നിലവിലുള്ള ജീവനക്കാർക്ക് ഒരു പൈസയുടെ നഷ്ടം വരാതെ, ഭാവിയിലെങ്കിലും അപകടം പറ്റാതെ വരുന്ന തലമുറ ഇത് മനസ്സിലാക്കിക്കൊണ്ട് ഈ Contributory Pension അംഗീകരിച്ചില്ലെങ്കിൽ ഈ രാജ്യം അപകടത്തിൽ പെട്ടുപോകും. ഇന്നിനെ മാത്രം കണ്ടാൽ പോരാ, നമ്മൾ നാളെയേയും കാണണം. ഇന്നുള്ള എല്ലാവരെയും പ്രൊട്ടക്റ്റ് ചെയ്തുകൊണ്ട് ഏപ്രിൽ മുതൽ സർവീസിൽ പ്രവേശിക്കുന്നവർക്കു മാത്രം ബാധകമാകുന്ന പെൻഷൻ സ്കീം ഉണ്ടായില്ലെങ്കിൽ നാളെ അപകടം ആണ്.

ശ്രീ. കെ. ബാബു : സർ, കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്നത് വളരെയേറെ എതിർപ്പുകൾ ഉണ്ടാകുന്ന ഒരു കാര്യമാണ് 55 വയസ്സിൽ ഉദ്യോഗസ്ഥർ റിട്ടയർ ചെയ്യുന്ന ഏക സംസ്ഥാനം ഇൻഡ്യയിൽ കേരളം ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ, യുവജനസംഘടനകളെയും, സർവീസ് സംഘടനകളേയും വിളിച്ചുകൂട്ടി ഒരു സമവായം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഒരു നല്ല നിർദ്ദേശമാണ്. കേരളത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇക്കാര്യം ബുദ്ധിമുട്ടാണ്. ഇത് രണ്ടു രീതിയിൽ ആണ്. കേരളത്തിൽ മാത്രമേ 55 വയസ്സിൽ പെൻഷൻ പറ്റുന്നുള്ളൂ. മറ്റെല്ലായിടത്തും അമ്പത്തെട്ടും അറുപതും ആക്കിക്കഴിഞ്ഞു. നമ്മുടെ ശരാശരി ആയുർദൈർഘ്യം 72 വയസ്സാണ്. ഏറ്റവും വേഗം റിട്ടയർ ചെയ്ത് ഏറ്റവും കൂടുതൽ കാലം ജീവിച്ചിരിക്കുന്നു. ഇതാണ് കേരളത്തിന്റെ പ്രത്യേകത. ശരാശരി 17 വർഷം പെൻഷൻ കൊടുക്കേണ്ടി വരുന്നു. ഏത് സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തിയാലും ഇത് കൂടുതലാണ്; അതുകൊണ്ടാണ് പെൻഷൻ ചെലവ് 17% എല്ലാ വർഷവും കൂടിക്കൊണ്ടിരിക്കുന്നത്. ചർച്ച ചെയ്യണം എന്നു പറഞ്ഞ അങ്ങയുടെ നിർദ്ദേശം ഗവൺമെന്റ് സജീവമായി പരിഗണിക്കാം.

ശ്രീ. കെ. ബാബു :സർ, പെൻഷൻ നിയമം പരിഷ്കരിക്കണമെന്ന് പെൻഷനേഴ്സ് യൂണിയനുകളെല്ലാം ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഷ്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, രണ്ടുചോദ്യവും ഏതാണ്ട് ഒന്നുപോലെയാണ്. നമുക്കു പരിശോധിക്കാം.

ശ്രീ. എ. കെ. മണി : സർ, ഇൻഡ്യയിലെ തന്നെ ഒരു പെൻഷൻ സ്റ്റേറ്റ് ആയി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഇത് കോമ്പൻസേറ്റ് ചെയ്യാൻ വേണ്ട വരുമാനം കണ്ടെത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, വരുമാനം കൂട്ടാനുള്ള കാര്യങ്ങളാണ് ഞാൻ നേരത്തെ പറഞ്ഞത്. അത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ജോലിയാണ്. Additional ആയി ഒരു ബാധ്യതയും വരാതെ നമുക്ക് എങ്ങനെ വരുമാനം കൂട്ടാം എന്നാണ് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. മണി : സർ, സംസ്ഥാനത്ത് പെൻഷൻ പ്രായം 55 വയസ്സ് ആണ്. കേന്ദ്ര ഗവൺമെന്റിലും അതുപോലെ തന്നെ കമ്പനികളിലും പ്രൈവറ്റ് സെക്ടറുകളിലും 58 വയസ്സ് ആണ്. സിവിൽ സർവ്വീസിൽ പെൻഷൻ പ്രായം ഇതിലും കൂടുതൽ ആയിരിക്കും. ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയത് മനുഷ്യന്റെ ആയുസ്സുതന്നെ ശരാശരി 72-75 വയസ്സ് ആയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ കുറഞ്ഞവയസ്സിൽ പെൻഷൻ പറ്റുകയും ദീർഘകാലം പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ old age 55 വയസ്സ് എന്നുള്ളത് കൂട്ടിക്കൊണ്ട്, പെൻഷൻ പ്രായം കൂട്ടുകയും അവരെ സർവീസിൽ ഇരുത്തുകയും ചെയ്താൽ കൂടുതൽ പ്രാക്റ്റീസ് ഉള്ള ആൾക്കാർ സർവീസിൽ തുടരുകയാണെങ്കിൽ കേരളത്തിന്റെ അവസ്ഥ മെച്ചപ്പെടുകയില്ലേ, അതിനെപ്പറ്റി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, 55 വയസ്സ് premature retirement ആണ്. യാതൊരു സംശയവുമില്ല. 55 വയസ്സെന്ന് പറയുന്നത് മനസ്സിന്റെ മെച്ച്യൂരിറ്റിയും നോളഡ്ജുമെല്ലാം അതിന്റെ പരമകോടിയിൽ നിൽക്കുന്ന പ്രായമാണ്. അന്ന് റിട്ടയർ ചെയ്ത് പോകണമെന്ന് പറയുന്നത് ക്രൂവലാണ്. നമ്മളെ സംബന്ധിച്ചിടത്തോളം അതൊരു സോഷ്യൽ പ്രോബ്ലമായി മാറിയിരിക്കുന്നു. തൊഴിലില്ലാത്ത അനവധി ചെറുപ്പക്കാർ വേഴാമ്പലിനെപ്പോലെ കാത്തുകെട്ടിക്കിടക്കുമ്പോൾ അവർക്കുള്ള അവസരം ഇല്ലാതാക്കുകയാണെങ്കിൽ അവരുടെ പ്രതിഷേധം ഉണ്ടാകും. അതൊണൊരു പ്രധാന പ്രശ്നം. പുതിയ തലമുറയെ ഉദ്ദേശിച്ചാണ് ഗവണ്മെന്റ് അതിനെ പരിഗണിക്കാത്തത്.

ശ്രീമതി ശോഭനാ ജോർജ്: സർ, പെൻഷൻ പ്രായം ഉയർത്തുന്നതിന് തടസ്സമായി വരുന്നത് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം കൂടുന്നു എന്നുള്ളതാണ്. പെൻഷൻപ്രായം ഉയർത്തുന്നതുമൂലമുണ്ടാകുന്ന സേവിംഗ്സ് ഉപയോഗിച്ച് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിച്ച് അതിനൊരു കമ്മീഷനെ നിയമിച്ച് എന്തെങ്കിലും ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, നല്ല നിർദ്ദേശമാണ്. ശ്രീ. ബാബു ചോദിച്ച ചോദ്യത്തിന് ചർച്ച നടത്താമെന്ന് ഞാൻ മറുപടി പറഞ്ഞതുപോലെ ഇതെല്ലാം ആലോചിക്കേണ്ട വിഷയങ്ങളാണെന്നുള്ള കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല.

ശ്രീമതി ശോഭനാ ജോർജ്: സർ, നമ്മുടെ സംസ്ഥാനത്ത് പണ്ടുകാലത്ത് 20 വർഷത്തെ സർവ്വീസ് കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഇപ്പോൾ വളരെ വൈകിയാണ് സർക്കാർജോലിയിൽ പ്രവേശിക്കാൻ കഴിയുന്നത്. അപ്പോൾ മിനിമം പെൻഷന് ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ മിനിമം പെൻഷൻ കിട്ടത്തക്കവിധത്തിൽ അവരുടെ സർവീസ് നീട്ടിക്കൊടുക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും പെൻഷൻപ്രായം കൂട്ടണമെന്ന വാദത്തിന്റെ പ്ലസ് പോയിന്റാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർക്കാർ സർവ്വീസിലെ കാര്യക്ഷമത, സത്യസന്ധത വർദ്ധിപ്പിക്കുന്നതിന്റെ പ്രധാന ഘടകമാണ് സർവ്വീസ് പെൻഷൻ. ആ പെൻഷൻ നിന്നുപോകുന്നതുകൊണ്ട് ജീവനക്കാർക്ക് യാതൊരു തരത്തിലും ഭാവിയെ സംബന്ധിച്ചുള്ള ഒരു നിയന്ത്രണം ഇല്ലാത്ത സ്ഥിതിവിശേഷം വരും. ഇന്ന് സർക്കാർ ജീവനക്കാരനെ നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകം തെറ്റ് ചെയ്യുമ്പോൾ പെൻഷൻ പോകുമെന്ന ഭയമാണ്. കോൺട്രിബ്യൂട്ടറി പെൻഷനെന്ന് പറയുന്നത് ആഗോളമൂതലാളിത്തത്തിന്റെ Hire and Fare നയത്തിന്റെ ഭാഗമായിട്ട് വരുന്നതാണ്. ഇതാണെങ്കിൽ ഐ.എ.എസ്.-കാർക്ക് ബാധകമല്ല. ഞങ്ങളുടെ നാട്ടിൽ സാധാരണ ഒരു ചോദ്യമുണ്ട്.

തീവണ്ടിക്ക് കുളത്തിലെ വെള്ളം കുടിക്കാൻ കിട്ടൻ വൈദ്യരുടെ ചീട്ടു വേണോ? എന്ന് സ്വന്തം ജീവനക്കാരുടെ പൈസ എല്ലാ മാസവും എടുത്ത് അതുതന്നെ കോൺട്രിബ്യൂട്ടറിയായി വച്ച് കൊടുക്കുന്നതിനെ പെൻഷനെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ഇതിന്റെ ഫലമായി നാളെ സർക്കാർ സർവീസിലുള്ള ജീവനക്കാരുടെ മേൽ ഗവണ്മെന്റിനുള്ള നിയന്ത്രണം പൂർണ്ണമായും നഷ്ടപ്പെടും. ഇത് സർവീസ് മേഖലയിൽ അരാജകത്വമുണ്ടാക്കുമെന്ന കാര്യം ഗവണ്മെന്റ് പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഇതിനെതിരായിട്ടുള്ള ഒരു വാദമാണ്. അതിൽ കഴമ്പുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇതൊരു സാമ്പത്തിക പ്രശ്നം മാത്രമല്ല, സാമൂഹ്യ പ്രശ്നം കൂടിയാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ സിവിൽ സർവീസിലൂടെ ഉദ്യോഗം നൽകിയാൽ മാത്രം സാധിക്കില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മുൻപിലുണ്ട്. ഇത് പരിഗണിച്ച് പി.എസ്.സി.-യിൽ തൊഴിൽ രഹിതർക്ക് അപേക്ഷിക്കാനുള്ള പ്രായ പരിധി വർദ്ധിപ്പിക്കുകയും ബഹുമാനപ്പെട്ട ശോഭനാ ജോർജ് പറഞ്ഞതുപോലെ മിനിമം പെൻഷനുള്ള കാലാവധി കുറച്ചുകൂടി കുറയ്ക്കുകയും ചെയ്തുകൊണ്ട് യുവാക്കളോട് നീതി പുലർത്തണം. അദ്ദേഹം പറഞ്ഞതുപോലെ 55 വയസ്സെന്ന് പറയുന്നത് ബുദ്ധി നല്ലതുപോലെ പ്രവർത്തിക്കുന്ന കാലമാണ്. ആ കാലഘട്ടത്തിൽ ആളുകൾ പെൻഷൻ പറ്റുന്ന ദുരവസ്ഥ ഒഴിവാക്കാൻ, യുവാക്കളുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും താൽപ്പര്യങ്ങൾക്ക് സമന്വയം ഉണ്ടാക്കിക്കൊണ്ട് ഈ നടപടികളിലൂടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യത്തിൽ സമവായം ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, പരിശോധിക്കാം.

ശ്രീ. പി.എസ്. സുപാൽ: സർ, കൂടുതൽ പെൻഷൻ വാങ്ങുന്നവരുള്ള സംസ്ഥാനമായി കേരളം മാറും എന്നുള്ള വിലാപം ഉയർന്നു കേൾക്കുന്നതോടൊപ്പം ഏറ്റവും തൊഴിൽ രഹിതരുള്ള സംസ്ഥാനംകൂടിയാണ് കേരളം എന്നുള്ളതും മറക്കരുത്. ഏറ്റവും കൂടുതൽ തൊഴിൽ രഹിതരുള്ള സംസ്ഥാനമായ കേരളത്തിൽ പെൻഷൻപ്രായം ഉയർത്തുന്ന തീരുമാനത്തോട് ഒരു കാരണവശാലും യോജിക്കാൻ കഴിയില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് പെൻഷൻ പ്രായം ഉയർത്തുന്ന സമീപനം സ്വീകരിച്ചില്ല. അത് തൊഴിൽരഹിതരോടുള്ള സമീപനത്തിന്റെ ഭാഗമാണ്. അതുപോലെ ശ്രീ. എ.കെ. ആന്റണി നിയമസഭയിൽ ഉറപ്പുനൽകിയത് പെൻഷൻ പ്രായം ഉയർത്തില്ല എന്നാണ്. കഴിഞ്ഞ ആന്റണി ഗവണ്മെന്റിന്റെ തുടർച്ചയെന്ന് അവകാശപ്പെടുന്ന ഈ ഗവൺമെന്റ് പെൻഷൻപ്രായം വർദ്ധിപ്പിക്കുന്ന സമീപനവുമായി യോജിപ്പ് പ്രകടിപ്പിക്കുന്നത് തീർച്ചയായിട്ടും അംഗീകരിക്കാൻ കഴിയില്ല. ശ്രീ. എ.കെ. ആന്റണി നിയമസഭയിൽ പറഞ്ഞതുപോലെ പെൻഷൻപ്രായം വർദ്ധിപ്പിക്കില്ല എന്നുള്ള തീരുമാനം പ്രഖ്യാപിക്കാൻ അങ്ങയ്ക്കു കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഇതുതന്നെയാണ് ഞാൻ പറഞ്ഞത്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ലെന്ന് ഞാൻ വ്യക്തമായി പറഞ്ഞു.

• ശ്രീ. സി. മോയിൻകുട്ടി: സർ, പെൻഷൻ പ്രായം പുനഃക്രമീകരിക്കുന്നതു സംബന്ധിച്ച് കേന്ദ്രഗവണ്മെന്റിൽനിന്നും എന്തെങ്കിലും ഗൈഡൻസ് സംസ്ഥാന ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇല്ല.

ശ്രീ. എം.വി. ജയരാജൻ: ഇവിടെ ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും പെൻഷനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യമാണ് obligatory deferred wages എന്നത് . അങ്ങനെ വരുന്ന സമയത്ത് സർക്കാർ രണ്ട് ആസ്പെക്ടുകൂടി നോക്കിയിട്ടാണ് ഇതിനകത്ത് നിലപാട് സ്വീകരിക്കേണ്ടത്. ഒന്നാമത്തേത്, സർക്കാർ ജീവനക്കാരുടെ ഭാവി, ഇവർ സർവ്വീസിലിരുന്ന് പിരിയുന്ന സമയത്ത് ന്യായമായും അവകാശപ്പെട്ട വേതനം. രണ്ടാമത്തെ പ്രശ്നം അങ്ങിവിടെ ഗൗരവത്തിൽ അത് കണ്ടില്ലെന്ന് ശ്രീ. സുപാൽ പറഞ്ഞു. മറ്റുള്ളവർ അവഗണിക്കപ്പെടുന്ന ഘട്ടത്തിൽ പരിഗണിക്കപ്പെടേണ്ട ഗൗരവമായ വിഷയം. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉള്ളത് കേരളത്തിലാണ്. പഠിച്ചു പാസ്സായിക്കഴിഞ്ഞാൽ തൊഴിൽ രഹിതർ. ഒരു വർഷം 3 ലക്ഷംപേർ പത്താം തരവും രണ്ടുലക്ഷത്തിചിലാനംപേർ പ്ലസ് ടു, ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയവ പാസ്സായവർ രജിസ്റ്റർ ചെയ്ത് വരികയാണ്. നമുക്ക് ആകെയുള്ളത് 20,000 വരുന്ന ഒഴിവുകളാണ്. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ തസ്തിക വെട്ടിക്കുറയ്ക്കാതെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് തൊഴിൽ കൊടുക്കാനുള്ള ഒരു സാഹചര്യം കേരളത്തിൽ സൃഷ്ടിക്കുമെന്നും പെൻഷൻ പ്രായത്തെക്കുറിച്ച് യാതൊരു ചർച്ചയും നടത്തുകയില്ലെന്നും അങ്ങേയ്ക്ക് സഭയിൽ ഉറപ്പു പറയാൻ കഴിയുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയുണ്ട്. വളരെ ശരിയാണ്. കേരളത്തിലുള്ളതുപോലെയുള്ള വിദ്യാഭ്യാസം മറ്റു പല സംസ്ഥാനങ്ങളിലേയും ചെറുപ്പക്കാർക്ക് ലഭിക്കുന്നില്ല. ഇപ്പോൾ അഗ്രിക്കൾച്ചർ സെക്ടറിലേയ്ക്ക് പണിയെടുക്കാൻ ആളെക്കിട്ടാത്ത സ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. എല്ലാപേരുടേയും മക്കൾ കൂറേ പഠിക്കുന്നവരാണ്. അവർക്ക് മുഴുവനും സർക്കാർ ഉദ്യോഗം കൊടുക്കാൻ കഴിയുമോ? നേരത്തെ ഞാൻ പറഞ്ഞത് കണക്കിലെടുക്കണം. 91 %-ൽ കൂടുതൽ ചില സെക്ടറുകളിലേയ്ക്ക് മാത്രം, വികസനത്തിന് ഒരു രീതിയിലും സഹായകരമല്ലാത്ത സെക്ടറിൽ മാത്രം ചെലവഴിച്ചു കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്ത്, ഒരു ചെറിയ ശതമാനം ആളുകൾക്കുമാത്രം ജോലി നൽകാൻ ആ കാശ് മുഴുവനും ചെലവഴിച്ചാൽ ഈ സംസ്ഥാനത്ത് വേറെ വികസനം ഒന്നും വേണ്ടേ? സർക്കാരിനെ സംബന്ധിച്ചിടത്തോളം അതെല്ലാം പരിഗണിക്കപ്പെടേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസമുള്ളവർക്കെല്ലാം സർക്കാർ ജോലി നൽകണമെന്നതിലുപരിയായി അവർക്ക് സെൽഫ് എംപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പർച്യൂണിറ്റി നമ്മൾ കണ്ടെത്തണം. പുതിയ മേഖലകൾ കണ്ടെത്തണം. നമ്മൾ, ഉത്തരവാദപ്പെട്ട എല്ലാ രാഷ്ട്രീയ കക്ഷികളുംകൂടി ചിന്തിക്കേണ്ട കാര്യമാണ്. ഇവരെ ഏതു മേഖലകളിലേയ്ക്ക് പറഞ്ഞയയ്ക്കാൻ കഴിയും? എവിടെ അവർക്ക് തൊഴിൽ കണ്ടെത്താൻ കഴിയും? അതാണ് ഈ കാലഘട്ടത്തിൽ ഏറ്റവും ഗൗരവമായി ചിന്തിക്കേണ്ട വിഷയം.

ശ്രീ. കെ.എ. ചന്ദ്രൻ: സർ, സർക്കാർ ജീവനക്കാർ ഒരു നിശ്ചിത സമയത്ത് റിട്ടയർ ചെയ്യുമ്പോൾ ശേഷംകാലം ജീവിക്കാൻ പെൻഷൻ നൽകുന്നത് നല്ലതാണ്. ഇതിലും കൂടുതൽ അദ്ധ്വാനിക്കുന്നവർക്ക് പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല എന്ന സത്യം ഇവിടെ നിലനിൽക്കുന്നുണ്ട്. അതിൽ അപൂർവ്വം വിഭാഗങ്ങളെ അംഗീകരിച്ച് നമ്മൾ ചെറിയ ഒരു സംഖ്യ പെൻഷനായി നൽകി വരുന്നുണ്ട്. അത് യഥാവിധി ലഭിക്കുന്നില്ല. ഈ നിലയ്ക്ക് സർക്കാർ ജീവനക്കാർ പെൻഷൻപറ്റി പോകുന്ന വയസ്സ് ദീർഘിപ്പിക്കണമെന്ന ആവശ്യം ഒരു നിലയ്ക്ക് ശരിയാണ്. അവരുടെ സേവനം കണക്കാക്കിയും ബുദ്ധിയും ആരോഗ്യവും പരിഗണിച്ചും, സീനിയേഴ്സിന്റെ ശരിയായ മാർഗ്ഗനിർദ്ദേശം ലഭിക്കാത്ത സാഹചര്യത്തിൽ, ഏതെങ്കിലും നിലയ്ക്ക് ഈ കൊടുക്കുന്ന വേതനത്തിന് തക്കതായ ജോലിയിൽ ഏർപ്പെടാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതില്ലേ? നല്ല ബുദ്ധിയും ശക്തിയുമുള്ള സമയത്ത് പൊതുമുതലാണ് പെൻഷനായി പോകുന്നത്. അത് ആവശ്യമുള്ളതാണ്. അത് പ്രയോജനപ്പെടുത്താനുള്ള മാർഗ്ഗംകൂടി വേണം അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു നല്ല നിർദ്ദേശമാണ്. വളരെ സാങ്കേതിക പരിജ്ഞാനവും അനുഭവ സമ്പത്തുമുള്ള ആളുകൾ നല്ല പ്രായത്തിൽ പിരിഞ്ഞുപോകുന്നത് രാജ്യത്തിന് തന്നെ വലിയ നഷ്ടമാണ്. അവരുടെ അറിവും പാണ്ഡിത്യവും എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രാരംഭ നടപടി എന്ന രീതിയിൽ ഒരു സ്കീം ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ: സർ, കേന്ദ്രഗവൺമെന്റ്, 2002-ൽ കേന്ദ്രഗവൺമെന്റ് ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പ്രഖ്യാപിക്കുന്ന ഘട്ടത്തിൽ ശ്രീ. എൽ. കെ. അദ്വാനി പറഞ്ഞ ഒരു കാര്യം, ഗവൺമെന്റ് പകുതി, ജീവനക്കാർ പകുതിയിടുന്ന തുക കുറേക്കൂടി ലാഭം ലഭിക്കട്ടെ എന്നുവച്ച് ഓഹരി കമ്പോളത്തിൽ ഇടുന്നതിനെപ്പറ്റി ആലോചിക്കുമെന്നാണ്. കേരളത്തിലും കോൺട്രിബ്യൂട്ടറി പെൻഷൻ വരുന്ന സമയത്ത് ഇങ്ങനെ ജീവനക്കാരുടെ പളയ്ക്ക് അടിക്കുന്ന വല്ല പരിപാടിയെപ്പറ്റിയും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു ചിന്താഗതി ഇല്ലാതിരിക്കുന്നതിനെപ്പറ്റി ആലോചിച്ച് കോൺട്രിബ്യൂട്ടറി പെൻഷൻ എന്നുള്ളത് തന്നെ മാറ്റി നിലവിലുള്ള പെൻഷൻ തന്നെ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവതരമായി പുനരാലോചന നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം ഉണ്ടാക്കുകയാണെങ്കിൽ ആ പണം എന്തുചെയ്യണമെന്നുള്ളതിന്റെ ചോയ്സ് ജീവനക്കാരന് തന്നെ നൽകുന്ന വിധത്തിലുള്ള ഒരു സംവിധാനം നമുക്കുണ്ടാക്കാം. സർക്കാരിൽ നിന്ന് കിട്ടുന്നതിനേക്കാൾ കൂടുതൽ ആദായം വേറെ ഏതെങ്കിലും മേഖലയിൽ നിന്നുലഭിക്കുമെങ്കിൽ, അവിടെ ചെലവാക്കാൻ കഴിയുമെന്നുണ്ടെങ്കിൽ ആ കാശ് കൂടി എടുത്ത് ഗവൺമെന്റിന് ചെലവാക്കണമെന്നില്ല. ആ പണത്തിന് ജീവനക്കാരൻ കൂടുതൽ ആദായകരമായ മാർഗ്ഗം നിർദ്ദേശിക്കുകയാണെങ്കിൽ അതിൽ നിക്ഷേപിക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. പി.ടി. തോമസ്: ഇപ്പോൾ പല വിദേശരാജ്യങ്ങളിലും റിട്ടയർ ചെയ്യുന്നതിന് തൊട്ടുമുൻപ് വരെയും ജോലിക്ക് അപേക്ഷിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരാൾക്ക് ജോലി കിട്ടാതെ പോകുന്നത് അയാളുടെ കുറ്റമായി പറയാൻ പറ്റില്ല. ജോലിക്ക് അപേക്ഷിക്കാനുള്ള കാലാവധി എടുത്തുകളയുകയും ആയുർദൈർഘ്യത്തിന്റെ വർദ്ധനവ് പരിഗണിച്ച് പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയും ചെയ്താൽ ഈ രണ്ട് പ്രശ്നവും പരിഹരിക്കാൻ കഴിയും. അതോടൊപ്പം ഒരു നിർദ്ദേശം കൂടിയുണ്ട്, ഇപ്പോൾ 55 വയസ്സിൽ റിട്ടയർ ചെയ്യുന്നതുകൊണ്ട് അവരുടെ സേവനം മുഴുവൻ കേരളത്തിലെ സ്വകാര്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുകയാണ്. നിയമസഭാ കമ്മിറ്റി രാജസ്ഥാൻ സന്ദർശിച്ചപ്പോൾ കഴിഞ്ഞ 10 വർഷമായി അവിടെ ഒരു പുതിയ നിയമനവും നടന്നിട്ടില്ല എന്ന് മനസ്സിലാക്കുകയുണ്ടായി. മുഴുവൻ ആളുകളും സർക്കാർ ജോലിക്ക് വേണ്ടി നോക്കുന്ന നടപടിയിൽ മാറ്റം വരണം. ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് റിട്ടയർ ചെയ്യുന്നതിന് തൊട്ടുമുൻപ് വരെ ജോലിക്ക് അപേക്ഷിക്കാനുള്ള അവസരം കൊടുക്കുകയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ് ശാസ്ത്രീയം. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, സർവ്വീസിൽ ചേരാനുള്ള പ്രായപരിധി ഉയർത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കാം.

ശ്രീ.ടി.പി. രാമകൃഷ്ണൻ: സർ,കോൺട്രിബ്യൂട്ടറി പെൻഷൻ പ്രാവർത്തികമാക്കുമ്പോഴുള്ള പ്രത്യാഘാതത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ സഭയിൽ ഉന്നയിച്ച പ്രതികരണത്തോട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി യോജിക്കുകയാണുണ്ടായത്. ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി കോൺട്രിബ്യൂട്ടറി പെൻഷൻ എന്ന സ്കീം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം പരിഗണിച്ച് ബഹുമാനപ്പെട്ട ധനമന്ത്രി അത് അനുകൂലിക്കുക കൂടി ചെയ്തതുകൊണ്ട് കോൺട്രിബ്യൂട്ടറി പെൻഷൻ എന്നുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കില്ല എന്ന് പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഇവിടെ അങ്ങ് സംസാരിച്ചപ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കില്ല എന്ന് ആവർത്തിച്ചു പറയുമ്പോൾ തന്നെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചാലുണ്ടാകുന്ന സാമ്പത്തിക നേട്ടത്തെക്കുറിച്ച് അങ്ങയുടെ മറുപടിയിൽ വളരെ വിശദമായി പരാമർശിച്ചിട്ടുണ്ട്. അതിൽ ഒരു ദുസൂചനയുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ചോദ്യം, യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എത്ര സർക്കാർ ജീവനക്കാരുണ്ടായിരുന്നു, ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായി ഈ സഭയെ അഭിമുഖീകരിക്കുമ്പോൾ എത്ര സർക്കാർ ജീവനക്കാർ ഇപ്പോൾ സർവ്വീസിലുണ്ട് എന്ന് മറുപടി പറയാൻ കഴിയുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതിന് പ്രത്യേകമായ ചോദ്യം ചോദിച്ചാൽ പറയാം. പക്ഷേ അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് പതിനെട്ടായിരത്തിനും ഇരുപതിനായിരത്തിനും ഇടയിലുള്ള ഗവൺമെന്റ് ജീവനക്കാർ ഒരു വർഷം പെൻഷൻ പറ്റുന്നുണ്ട്.

വ്യാപാരികൾക്ക് ഐ.ഡി.കാർഡ്

3(*180) ശ്രീ. എം. മുരളി :
ശ്രീ. ബി വിജയകുമാർ:
ശ്രീ. പി. ജെ. ജോയി :
ശ്രീ. വർക്കല കഹാർ:
ശ്രീ. എം. എം. ഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കുവേണ്ടി ഐഡികാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കി;

(സി) എത്ര വ്യാപാരികൾക്ക് ഐ.ഡി.കാർഡ് നൽകി; എല്ലാ വ്യാപാരികൾക്കും ഈ കാർഡ് നൽകുന്ന നടപടി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത കാർഡ് എന്തെല്ലാം കാര്യങ്ങൾക്ക് ഉപയുക്തമാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) ഉണ്ട്.

(ബി) വ്യാപാരികൾക്കുവേണ്ടിയുള്ള ഐ.ഡി കാർഡ് പദ്ധതി 11 ജില്ലകളിലെ സ്പെഷ്യൽ സർക്കിൾ ഓഫീസുകളിൽ നടപ്പിലാക്കി.

(സി) ഐ.ഡി. കാർഡ് ലഭിക്കുന്നതിനുവേണ്ടി 2525 വ്യാപാരികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവർക്കെല്ലാം ഐ.ഡി കാർഡ് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അടുത്ത ഒരു വർഷം കൊണ്ടു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly